പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## തൊഴിലുറപ്പ് പദ്ധതിയിലെ കൂലി കുടിശ്ശിക

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 296

22.02.2016 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്.രാജേന്ദ്രൻ<br>" ബി.സത്യൻ<br>" കെ.വി.വിജയദാസ്<br>" സി.കൃഷ്ണൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | തൊഴിലുറപ്പ് തൊഴിലാളികളുടെ ഏറി വരുന്ന കൂലി കുടിശ്ശിക ലഭ്യമാക്കാൻ സർക്കാർ തലത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | 01.01.2016 മുതൽ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ കൂലി നാഷണൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം മുഖേന കേന്ദ്ര സർക്കാർ നേരിട്ട് തൊഴിലാളികളുടെ അക്കൗണ്ടി ലേക്ക് നൽകുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ മസ്റ്റർ റോൾ പൂർത്തീകരിച്ച് 10 ദിവസ ത്തിനകം മെഷർമെന്റ്, ചെക്ക്മെഷർമെന്റ് എന്നിവ പൂർത്തീകരിച്ച് മസ്റ്റർ റോൾ എം.ഐ.എസ്. ൽ ഡാറ്റാ എൻട്രി ചെയ്യുന്നതിനും വേജ് ലിസ്റ്റ് തയ്യാ റാക്കി ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ സമയബന്ധി തമായി ഇലക്ട്രോണിക്കായി അയയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് കൂലി വിതരണം ചെയ്യേണ്ടത് കേന്ദ്ര സർക്കാരിന്റെ നിയമപരമായ ബാധ്യതയാണ്. ഫണ്ടിന്റെ ആവശ്യകത സംബന്ധിച്ച പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് യഥാവിധി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ, സംസ്ഥാനം കേന്ദ്ര സർക്കാരുമായി നിരന്തരം സമ്പർക്കത്തിലാണ്. |
| (ബി) | സംസ്ഥാനത്ത് 100 ദിവസം തൊഴിൽ ലഭിക്കുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്ന സ്ഥിതിക്ക് തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കും എന്ന് വിശദമാക്കാമോ; | (ബി) | ഗ്രാമ പഞ്ചായത്തിലെ യഥാർത്ഥ തൊഴിലാവശ്യക തയുടെ അടിസ്ഥാനത്തിൽ ലേബർ ബഡ്ജറ്റ് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഷെൽഫ് ഓഫ് പ്രോജക്ട്സും വാർഷിക കർമ്മ പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ച് എല്ലാ കുടുംബ ങ്ങൾക്കും ആവശ്യാധിഷ്ഠിതമായി 100 പ്രവൃത്തി ദിനങ്ങൾ സൃഷ്ടിക്കുന്നതിന് ഊർജിത നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പഞ്ചായത്തു കൾക്ക് നൽകുകയും ഭരണപരവും സാങ്കേതിക |

| | | | |
|---|---|---|---|
| | | | വുമായ പിന്തുണാ സംവിധാനങ്ങൾ ഏർപ്പെടുത്തു കയും ചെയ്തിട്ടുണ്ട്. |
| (സി) | തൊഴിലാളികളുടെ വേതനം കേന്ദ്ര സർക്കാർ നേരിട്ട് അവരുടെ അക്കൗണ്ടിലേക്ക് അയക്കുമ്പോൾ നിർമ്മാണ സാമഗ്രികൾ വാങ്ങാനും ഭരണപരമായ ചെലവുകൾ നിർവഹിക്കുന്നതിനുമുള്ള ഫണ്ട് എങ്ങനെ കണ്ടെത്തുമെന്ന് വ്യക്തമാക്കാമോ? | (സി) | തൊഴിലാളികളുടെ വേതനം നാഷണൽ ഇ.എഫ്. എം.എസ്. മുഖേന തൊഴിലാളികളുടെ അക്കൗണ്ടി ലേക്ക് കേന്ദ്ര സർക്കാർ നേരിട്ട് നൽകുന്ന രീതി 01.01.2016 മുതൽ അവലംബിച്ചിട്ടുണ്ട്. സാധനഘടകത്തിന്റെ 75% ഉം ഭരണചെലവിനത്തിലെ മുഴുവൻ തുകയും സംസ്ഥാന തൊഴിലുറപ്പ് നിധിയിലേക്ക് ലഭ്യമാക്കേണ്ടത് കേന്ദ്ര സർക്കാരിന്റെ നിയമപരമായ ഉത്തരവാദിത്വമാണ്. സാധനഘടകത്തിന്റെ 25% തുക സംസ്ഥാന വിഹിതമായി വഹിക്കേണ്ടതാണ്. ഈ തുക, ഇതിനോടകം തന്നെ തൊഴിലുറപ്പ് നിധിയിലേക്ക് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ